# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6199 — 10.07.12-ൽ മറുപടിക്ക്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനുള്ള മാർഗ്ഗരേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ഡോ.എം.കെ.മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനായി അംഗീകരിച്ച മാർഗ്ഗരേഖകൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (എ) ദീർഘകാല വീക്ഷണത്തോടെ അഞ്ച് വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ വർഷം തിരിച്ച് മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കേണ്ടതാണ്. ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികൾ ഓരോ രണ്ട് വർഷത്തേക്ക് (ഒന്നും രണ്ടും വർഷങ്ങളിലേയ്ക്കുള്ള പദ്ധതി തരം തിരിച്ച്) പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കണം. ഭരണസമിതി അംഗീകരിച്ച പദ്ധതികൾ പഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് നിയമാനുസൃതം നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥൻ വിലയിരുത്തി സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) മാർഗ്ഗരേഖയനുസരിച്ച് പദ്ധതിയാസൂത്രണത്തിൽഊന്നൽനൽകുന്ന രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള സ്ഥിതിയിൽ നിന്ന് കാർഷിക മേഖലയ്ക്ക് നൽകുന്ന വിഹിതം കുറയാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) സ്റ്റാറ്റസ് റിപ്പോർട്ട്, ബാങ്കുകൾ/സ്റ്റേക്ഹോൾഡർമാരുമായുള്ള ചർച്ചകൾ, ഗ്രാമസഭ വികസന സെമിനാർ തീരുമാനങ്ങൾ, വികസനരേഖ പദ്ധതിരേഖ പ്രോജക്ടുകൾ, ഭരണസമിതി തീരുമാനം എന്നിവയാണ് ആവശ്യമായി വരുന്ന രേഖകൾ. കാർഷിക മേഖലയ്ക്ക് വിഹിതം കുറച്ചിട്ടില്ല. |
| (സി) കൃഷിഭൂമി കുറഞ്ഞു വരുന്ന സംസ്ഥാനത്ത് ഇത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഗുണം ചെയ്യില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) കാർഷികമേഖലയ്ക്ക് വിഹിതം കുറച്ചിട്ടില്ല. പശ്ചാത്തല മേഖലയ്ക്ക് ഗ്രാമ/ബ്ളോക്ക് തലത്തിൽ 45%, ജില്ലാ പഞ്ചായത്തിന് 50%, മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 55%വും പരിധി നിശ്ചയിച്ചിരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതിനാൽ പരിധിയിൽ കവിഞ്ഞു വരുന്ന സംഖ്യ അതാതു പ്രദേശത്തെ ആവശ്യം കണക്കിലെടുത്ത് ഉപയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. കാർഷികമേഖലയ്ക്ക് എത്ര സംഖ്യ വകയിരുത്തുന്നതിനും പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം ഉണ്ട്. |

സെക്ഷൻ ഓഫീസർ